തി ഐക്യരാഷ്ട്രസംഘടനയുടെ ജനറൽ അസംബ്ലിയെ സംബോധനചെയ്തുകൊണ്ട് ശ്രീ രാജീവ്ഗാന്ധി പറഞ്ഞതുപോലെ, രണ്ടായി പിളർന്നതും, അണുയുദ്ധഭീഷണിക്ക് വിധേയവും സാമ്പത്തികാസമത്വങ്ങൾ നിറഞ്ഞതും പരസ്പരം അവിശ്വാസം പുലർത്തുന്നതുമായ ഒരു ലോകത്തിലാണ് ഐക്യരാഷ്ട്രസംഘടന പ്രവർത്തിക്കുന്നത്. രണ്ടു വിരുദ്ധ പട്ടാളക്യാമ്പുകളായി തിരിഞ്ഞുനിൽക്കുന്നു എന്നതാണ് മനുഷ്യവർഗത്തിന്റെ മുമ്പിൽ ഇന്നുള്ള ഏററവും വലിയ ഭീഷണി. സമാധാനപരമായ സഹവർത്തിത്വം എന്ന ഐക്യരാഷ്ട്രസംഘടനയുടെ അടിസ്ഥാനതത്ത്വംതന്നെ ഇന്നു ചോദ്യംചെയ്യപ്പെട്ടിരിക്കുകയാണ്: ഭൂമിയെന്ന ഈ ഗോളം തകർന്നുപോകാതെനോക്കുന്നതിൽ നമുക്കെല്ലാം ഒരുപോലെ താല്പര്യം ഉണ്ടാകണം. നിരായുധീകരണത്തിനുള്ള രചനാത്മകനിർദേശങ്ങൾ ആത്മാർത്ഥതയോടെ പരിശോധിക്കപ്പെടണം.

രൂഢമൂലമായ അവിശ്വാസം അകററി, സമാധാനത്തിന്റെയും നിർമ്മാണത്തിന്റെയും മാർഗത്തിലേക്കു വൻശക്തികളെ തിരിച്ചുകൊണ്ടുവരുവാനുള്ള പരിശ്രമങ്ങളുടെ വേദി എന്ന നിലയിൽ ഐക്യരാഷ്ട്രസംഘടനയുടെ പ്രാധാന്യം, നാല്പത്തൊന്നാം വയസ്സിലും അതിന് ഇല്ലാതായിട്ടില്ല.

28 ഒക്ടോബർ, 1985

# 2. അറബിക്കടലിൽ ഒരു പുതിയ സൈനിക ശക്തി

മദ്ധ്യപൗരസ്ത്യദേശത്തിന്റെ ഒരു ഭൂപടം എടുത്തു നോക്കുക. അറേബ്യൻ (പേഴ്സ്യൻ)ഉൾക്കടലിനും ചെങ്കടലിനുമിടയ്ക്ക് ഒരു കോടാലിത്തലപ്പുപോലെ അറേബ്യൻ ഉപദ്വീപ് അറബിക്കടലിലേക്കു തള്ളിക്കിടക്കുന്നു. ഈ ഉപദ്വീപിനെ, വടക്കുഭാഗത്ത് ഇറാക്ക്, യോർദാൻ, ഈജിപ്ത് എന്നീ രാജ്യങ്ങൾ വലയംചെയ്യുന്നു. ഇറാക്കിനു താഴെ, പേഴ്സ്യൻ ഉൾക്കടലിന്റെയും അറബിക്കടലിന്റെയും തീരത്തായി കുവൈത്ത്, ബഹ്റൈൻ, ഖത്തർ, ഒമാൻ എന്നിവയും, 'യുണൈറ്റഡ് അറബ് എമിറേററുകൾ' എന്ന് ഇപ്പോൾ വിളിക്കപ്പെടുന്ന ഏഴു സ്റ്റേററുകളുടെ ശൃംഖലയും കാണാം. അറബിക്കടലിൽനിന്നു ചെങ്കടലിലേക്കു പ്രവേശിക്കുന്നിടത്ത് തെക്കും വടക്കുമായി വിഭജിക്കപ്പെട്ട യെമൻ കിടക്കുന്നു. യെമനു മുകളിൽ, ചെങ്കടൽവരെ പരന്ന് സൗദി അറേബ്യ സ്ഥിതിചെയ്യുന്നു.

ഒന്നരനൂററാണ്ടുകാലം ഗൾഫ് പ്രദേശത്ത് ആധിപത്യം പുലർത്തിയ ബ്രിട്ടീഷ്സൈന്യം 1971—ൽ അവിടെനിന്നു പിൻവാങ്ങി. മണ്ണിനടിയിൽ സമൃദ്ധമായി സംഭരിക്കപ്പെട്ടിട്ടുള്ള എണ്ണ, ഈ മരുഭൂപ്രദേശത്തിനു മുമ്പേ ഉണ്ടായിരുന്ന സാമ്പത്തികപ്രാധാന്യത്തെ മുമ്പൊരിക്കലുമുണ്ടായിരുന്നിട്ടില്ലാത്തവിധം വർദ്ധിപ്പിക്കുകയുംചെയ്തു. ആധുനിക വ്യാവസായികസംസ്കാരത്തിന്റെ ജീവരക്തം എണ്ണയാണല്ലോ. മദ്ധ്യപൗരസ്ത്യപ്രദേശത്ത് പാശ്ചാത്യ മുതലാളിത്തത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുകയെന്ന ചുമതല ബ്രിട്ടൺ വെച്ചൊഴിഞ്ഞപ്പോൾ, ഏറെറടുത്തത് അമേരിക്കയാണ്. അമേരിക്കയ്ക്ക് ബഹ്റൈനിൽ ഒരു നാവികസങ്കേതവും ഒമാനിലും സൗദി അറേബ്യയിലും വിമാനസേനാസങ്കേതങ്ങളുമുണ്ട്.

ഇന്ത്യാസമുദ്രത്തിലെ ദീഗോഗാർഷ്യയിൽ അമേരിക്ക ബൃഹത്തായ ഒരു സൈനികസങ്കേതം സ്ഥാപിച്ചു നിലനിർത്തുന്നതിന്റെ പ്രധാന ഉദ്ദേശ്യം പേഴ്സ്യൻ ഉൾക്കടൽപ്രദേശത്ത് അമേരിക്കൻ യജമാനത്തം(ഹെജിമണി) നിലനിർത്തുകയാകുന്നു.

എണ്ണ കയററിയയച്ചും മററും ത്വരിതസമൃദ്ധിയിലേക്ക് ഉയർന്നിട്ടുള്ള അറബിനാടുകൾക്ക് ഇപ്പോൾ അമേരിക്കൻ സംരക്ഷണത്തിൽ വിശ്വാസമില്ലാതായിരിക്കുന്നു. അമേരിക്കൻ–റഷ്യൻ ചേരികൾ തമ്മിലുള്ള മാത്സര്യം അതിരൂക്ഷരൂപത്തിൽ മധ്യപൗരസ്ത്യപ്രദേശത്തു പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഈ മത്സരത്തിന്റെ ചുഴലികേന്ദ്രത്തിൽ തങ്ങളുടെ പരമാധികാരവും പ്രവർത്തനസ്വാതന്ത്ര്യവും നിലനിർത്തണമെങ്കിൽ സ്വന്തം സൈനികശക്തി വളർത്തിയേ മതിയാവൂ എന്ന ബോധ്യം അറബിനാടുകൾക്ക് ഉണ്ടായിട്ടുണ്ട്. അമേരിക്ക, ബ്രിട്ടൺ, ഫ്രാൻസ്, പാകിസ്ഥാൻ മുതലായ രാജ്യങ്ങളുടെ സഹായത്തോടെ ഓരോ അറബിരാഷ്ട്രവും ചെറിയ തോതിലെങ്കിലും, സ്വന്തം സേനകൾ സംഘടിപ്പിച്ചിട്ടുണ്ട്. ധാരാളം എണ്ണപ്പണം കൈയിലുള്ളതിനാൽ അറബിനാടുകൾ കിട്ടാവുന്നിടത്തുനിന്നൊക്കെ അത്യാധുനിക യുദ്ധോപകരണങ്ങൾ വാങ്ങിക്കൂട്ടിവരുന്നു. വളരെയധികം പാകിസ്ഥാൻകാർ അറബിനാടുകളുടെ സൈന്യങ്ങളിൽ സേവനമനുഷ്ഠിക്കുന്നതായും പറയപ്പെടുന്നു.

മൂന്നു വർഷംമുമ്പ് ഗൾഫ് പ്രദേശത്തിലെ അറബിനാടുകൾ ചേർന്ന് ഒരു 'ഗൾഫ് സഹകരണകൗൺസിൽ' രൂപവത്കരിച്ചു. സൗദി അറേബ്യ, കുവൈത്ത്, ഒമാൻ, ഖത്തർ, ബഹ്റൈൻ, യുണൈററഡ് അറബ് എമിറേററുകൾ എന്നീ രാജ്യങ്ങൾ ഈ കൗൺസിലിൽ അംഗങ്ങളാണ്. അറേബ്യൻ ഉപദ്വീപിലുള്ള ഒരു പൊതു സാമ്പത്തികപദ്ധതിയും പൊതു സൈനികപദ്ധതിയും തയ്യാറാക്കി നടപ്പിൽവരുത്തുകയാണ് കൗൺസിലിന്റെ ലക്ഷ്യം. ആവശ്യം എവിടെയുണ്ടായാലും, ഉടൻ അവിടെയെത്തി അതു നിറവേററുന്നതിനു കഴിവുള്ള ഒരു 'ത്വരിത സഞ്ചാര സേന' (ഫാസ്റ്റ് മൂവ്മെൻറ് ഫോഴ്സ്) തങ്ങളുടെ വകയായി രൂപവത്കരിക്കുന്നുണ്ടെന്ന് ഈ കൗൺസിൽ ഈയിടെ പ്രഖ്യാപിക്കുകയുണ്ടായി.

അരബ്രാഷ്ട്രങ്ങൾക്കെല്ലാം പൊതുവെ ഉപയോഗിക്കാവുന്ന ഇത്തരമൊരു സേന രൂപവത്കരിക്കുകയെന്ന ആശയം ആദ്യമായി ഉന്നയിച്ചതു് സൗദി അറേബ്യയായിരുന്നു. ഈ സേനയുടെ വിശദവിവരങ്ങൾ ഇപ്പോൾ തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്. അരബ്രാഷ്ട്രങ്ങളുടെ സംയുക്ത നേതൃത്വത്തിലുള്ള ഈ സേനയുടെ തലസ്ഥാനം സൗദി അറേബ്യയിലുള്ള 'റിയാദ്' ആയിരിക്കും. ഉൾക്കടൽത്തീരത്തു്, തന്ത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലെല്ലാം, ഈ സേനയുടെ നാവിക–വിമാനത്താവളങ്ങൾ സ്ഥാപിക്കും. ഈ സേനയുടെ എല്ലാ ഘടകങ്ങളും ഒരേതരം ആയുധങ്ങളാണുപയോഗിക്കുക. അത്യാധുനികങ്ങളായ ഗതാഗത–വാർത്താവിനിമയോപകരണങ്ങൾ ഈ സേനയുടെ ഘടകങ്ങളെ പരസ്പരം കൂട്ടിയിണക്കും. ഇപ്പോൾ വ്യത്യസ്ത അരബ്രാഷ്ട്രങ്ങളിലുള്ള സൈനികപ്രശിക്ഷണസ്ഥാപനങ്ങളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനു് സൗദി അറേബ്യയിൽ ഒരു കേന്ദ്ര–മിലിട്ടറി അക്കാദമി സ്ഥാപിക്കും. 'ത്വരിത സഞ്ചാരസേന'യിൽ ഒരുലക്ഷത്തി മുപ്പത്തയ്യായിരത്തോളം സൈനികർ ഉണ്ടാവും. ഇവർക്കാവശ്യമുള്ള എല്ലാ ആയുധങ്ങളും ഉപകരണങ്ങളും നിർമിക്കുന്നതിനുള്ള ഫാക്ടറികൾ കാലക്രമേണ, അറേബ്യൻ ഉപഭൂഖണ്ഡത്തിൽ സ്ഥാപിക്കുന്നതാണ്. 1984 മുതൽ 1986 വരെയുള്ള വർഷങ്ങളിൽ 'ത്വരിതസഞ്ചാരസേന'യ്ക്കുവേണ്ടി അറുനൂറു കോടി ഡോളർ (ആറായിരം കോടി രൂപ)വകയിരുത്തിയിട്ടുള്ളതായും കാണുന്നു.

അറേബിയാ ഉപദ്വീപിലുള്ള വലുതും ചെറുതുമായ രാഷ്ട്രങ്ങളെല്ലാം പരമാധികാരമുള്ള ഏകാധിപത്യങ്ങളാണ്. ഇവയ്ക്കെല്ലാംതന്നെ പാശ്ചാത്യ വൻശക്തികളുമായി പലതരത്തിലുള്ള ബന്ധങ്ങളുമുണ്ട്. ഒരു പൊതുസേനയുടെ രൂപവത്കരണം ഈ ബന്ധങ്ങളെയും, അറബിരാഷ്ട്രങ്ങളുടെ പരസ്പരബന്ധങ്ങളേയും എങ്ങനെ ബാധിക്കുമെന്ന് ഇപ്പോൾ പറയാറായിട്ടില്ല.

സോവിയററ്യൂണിയൻ, ചൈനീസ് പീപ്പിൾസ് റിപ്പബ്ലിക് എന്നീ കമ്യൂണിസ്റ്റ്‌രാഷ്ട്രങ്ങളുമായി നയതന്ത്രബന്ധമുള്ള ഒരേയൊരു ഗൾഫ്‌രാജ്യം കുവൈത്ത് ആകുന്നു. മററു ഗൾഫ്‌രാജ്യങ്ങളുടെയെല്ലാം ബന്ധം പാശ്ചാത്യ ജനാധിപത്യരാജ്യങ്ങളോട്, മുഖ്യമായും അമേരിക്കയോട്, ആണ്. സമ്പന്നത നേടിക്കഴിഞ്ഞതോടെ ഒട്ടധികം അറബികൾ അമേരിക്കയിൽ കുടിയേറിപ്പാർത്തുവരുന്നുണ്ട്. ഇപ്പോൾ അറബി-അമേരിക്കക്കാരുടെ സംഖ്യ മുപ്പതുലക്ഷത്തോളംവരുമത്രേ. അമേരിക്കയിലെ ഇരുപത്തിനാലുകോടി ജനസംഖ്യയിൽ മുപ്പതുലക്ഷം വളരെ വലിയ ഒരു തുകയല്ല. പക്ഷേ, അമേരിക്കയിൽ ജൂതന്മാരുടെ ആകെ എണ്ണം അറുപതുലക്ഷംമാത്രമാണെന്നും, എന്നിട്ടും അമേരിക്കയുടെ ലോകനയങ്ങൾ രൂപവത്കരിക്കുന്നതിൽ ജൂതന്മാർ നിർണായകസ്വാധീനം ചെലുത്തുന്നുണ്ടെന്നും ഓർമിക്കേണ്ടതുണ്ട്. പണക്കാരായ മുപ്പതുലക്ഷം അറബി-അമേരിക്കർ, അമേരിക്കയിൽ ഒരു നിർണായകസമ്മർദഗ്രൂപ്പ് ആയി വളർന്നുകൂടായ്കയില്ല.

മധ്യപൗരസ്ത്യപ്രദേശത്ത്, പ്രത്യേകിച്ചും ഈയിടെ ലെബനോണിൽ, അമേരിക്ക അനുവർത്തിച്ചുവരുന്ന നയം അറബികളിൽ പൊതുവെ അസംതൃപ്തി ഉളവാക്കിയിട്ടുണ്ട്. ഈ അസംതൃപ്തി കൂടുതൽ വ്യക്തരൂപത്തിൽ പ്രകടിപ്പിക്കുന്നതു് കുവൈത്ത് ആകുന്നു. അമേരിക്കയിൽ നിന്നു വലിയതോതിൽ ആയുധങ്ങൾ വാങ്ങിക്കൊണ്ടിരുന്ന കുവൈത്ത് ഇപ്പോൾ സോവിയററ്യൂണിയനെയും ആയുധങ്ങൾക്കുവേണ്ടി സമീപിക്കാൻ ഉദ്ദേശിക്കുന്നതായി പറയപ്പെടുന്നു. ഇന്നത്തെ ലോകപരിതഃസ്ഥിതിയിൽ, എല്ലാ മുട്ടകളും ഒരൊററക്കുട്ടയിൽ വെക്കുന്നതു സുരക്ഷിതമല്ലെന്ന് അറബികൾക്കും തോന്നുന്നുണ്ടാവണം.

ഗൾഫ് സഹകരണ കൗൺസിലിനു സ്വന്തമായ ഒരു ആധുനികസേന ഉണ്ടായിക്കഴിയുന്നതോടെ, മധ്യപൗരസ്ത്യപ്രദേശത്തിലെ സംഭവവികാസങ്ങളിൽ കൂടുതൽ ഫലപ്രദമായി പങ്കെടുക്കുവാൻ അറബിരാഷ്ട്രങ്ങൾക്കു കഴിവു കൈവരും. നൂററാണ്ടുകളിലൂടെ തുടർന്നുപോന്ന ഗോത്രജീവിതത്തിൽനിന്ന് ഞെട്ടിയുണർന്ന അറബികൾ ആധുനിക വ്യാവസായികമുതലാളിത്തത്തിന്റെ സംഘർഷതന്ത്രങ്ങളിലേക്ക് ആത്മവിശ്വാസത്തോടെ കടന്നുചെല്ലുന്നതിന്റെ തുടക്കമായിരിക്കാം ഈ 'ത്വരിതസഞ്ചാരസേന'യുടെ രൂപവത്കരണം കുറിക്കുന്നതു്. ഈ നടപടിയുടെ ദീർഘകാലഫലങ്ങൾ എന്തായിരിക്കുമെന്ന് ഇപ്പോൾ പ്രവചിക്കുക പ്രയാസമാണ്. ഏതായാലും ഗൾഫ് പ്രദേശത്തിലെ ശക്തിസന്തുലനത്തിൽ ചില പുതിയ സമീകരണങ്ങൾ ആസന്നഭാവിയിൽത്തന്നെ ആവശ്യമായിവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

12 മെയ്, 1984